## ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു

ദൂത് ഏഴ്

## ആരോഹണത്തെ അറിയുക

RK *Hymns:* ML141, ML10

തിരുവെഴുത്ത് വായന: പ്രവൃത്തികൾ 2:36; എബ്രാ. 2:9; 4:14-15; 7:26; 12:2; എഫെ. 1:19-23; 2:6

Acts. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

Heb. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

Heb. 4:14 ആകയാൽ സ്വർഗത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി ദൈവപുത്രനായ യേശു ഉള്ളതുകൊണ്ട്, നമുക്ക് ഈ ഏറ്റുപറച്ചിൽ മുറുകെപ്പിടിക്കാം.

Heb. 4:15 നമ്മുടെ ബലഹീനതകളുടെ അനുഭൂതിയാൽ സ്പർശിതനാകുവാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല, പാപമില്ലാതെ എല്ലാ രീതിയിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ട ഒരുവനത്രേ നമുക്കുള്ളത്.

Heb. 7:26 ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു വേർപെട്ടവൻ, സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ,

Heb. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

Eph. 1:19 അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ,

Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

Eph. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

Eph. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ

അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

**I. ദൈവത്തിന്റെ ഭരണനിർവഹണം നടപ്പാക്കുന്നതിനും ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിവർത്തിക്കുന്നതിനും, സൃഷ്ടിപ്പ്, ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം എന്നീ പ്രക്രിയയിലൂടെ ദൈവവും മനുഷ്യനും, സ്രഷ്ടാവും സൃഷ്ടിയും, വീണ്ടെടുപ്പുകാരനും, രക്ഷകനും, ജീവൻ-നൽകുന്ന ആത്മാവും എന്നീ നിലകളിൽ അവന്റെ സ്വർഗീയ സ്ഥാനത്തിലേക്കുള്ള അവന്റെ പ്രതിഷ്ഠാപനമാണ് മനുഷ്യ-രക്ഷകന്റെ ആരോഹണം.**

**II. കർത്താവിന്റെ ആരോഹണത്തിന്റെ വസ്തുനിഷ്ഠമായ വശം നാം കാണേണ്ടതാവശ്യമാണ്:**

A. കർത്താവിന്റെ ആരോഹണം അവനെ തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിയുവാൻ ഇടയാക്കി—എബ്രാ. 2:9:

Heb. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

1. തേജസ്സെന്നത് യേശുവിന്റെ വ്യക്തിയോടു ബന്ധപ്പെട്ട പ്രതാപമാണ്; ബഹുമാനം യേശുവിന്റെ മൂല്യത്തോടു ബന്ധപ്പെട്ട വിലമതിപ്പാണ്—1 പത്രൊ. 2:7.

   1 Pet. 2:7 അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,"

2. ക്രിസ്തു തന്റെ സ്ഥിതിയിൽ തേജസ്സുള്ളവനും പദവിയിൽ ബഹുമാന്യനും ആണ്; അവൻ എല്ലാ രാജാക്കന്മാർക്കും ഭരണാധികാരികൾക്കും മേലാണ്; ഇതാണ് അവന്റെ ബഹുമാനം.

B. കർത്താവിന്റെ ആരോഹണം ദൈവത്തിന്റെ ഭരണനിർവഹണത്തിനുവേണ്ടി സിംഹാസനസ്ഥനാകുവാൻ അവനെ ഇടയാക്കി; ക്രിസ്തു ഇപ്പോൾ ദൈത്തിന്റെ സിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നുവെന്ന് എബ്രായർ 12:2 പറയുന്നു:

Heb. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

1. ക്രിസ്തുവിൽ ദൈവം സിംഹാസനത്തിൽ ഇരിക്കുന്നു എന്ന വസ്തുത അർഥമാക്കുന്നത്, വിളക്കിൽനിന്നും വിളക്കിലൂടെയും വെളിച്ചം പ്രകാശിക്കുന്നതുപോലെ, ക്രിസ്തുവിനുള്ളിൽനിന്നും ക്രിസ്തുവിലൂടെയും മുഴുവൻ പ്രപഞ്ചത്തിന്റെ ഭരണനിർവഹണം ദൈവം നടത്തുന്നു എന്നാണ്—വെളി. 22:1, 3; പ്ര.നി. 21:23.

   Rev. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

   Rev. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

Rev. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

2. മുഴുവൻ പ്രപഞ്ചത്തിന്റെയും ഭരണനിർവഹണം നടത്തുവാൻ ക്രിസ്തു ഇപ്പോൾ സിംഹാസനത്തിലുണ്ട്; അവൻ നിസ്തുലനായ ഭരണകർത്താവും രാജാധിരാജാവും കർത്താധികർത്താവും ആണ്; അവൻ ഭൂമിയിലെ രാജാക്കന്മാരുടെ ഭരണാധികാരിയാണ്—1:5; 17:14; 19:16.

Rev. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

Rev. 17:14 അവർ കുഞ്ഞാടിനോടു യുദ്ധം ചെയ്യും, കുഞ്ഞാട് അവരെ ജയിക്കും, അവൻ കർത്താധികർത്താവും രാജാധിരാജാവും ആകുന്നുവല്ലോ; വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായ അവനോടുകൂടെയുള്ളവരും, അവരെ ജയിക്കും.

Rev. 19:16 അവന്റെ വസ്ത്രത്തിന്മേലും തുടമേലും, രാജാധിരാജാവും കർത്താധികർത്താവും എന്ന് എഴുതിയിരിക്കുന്ന നാമമുണ്ട്.

3. അവന്റെ ഭരണനിർവഹണം പ്രപഞ്ചത്തോട് ബന്ധപ്പെട്ടിരിക്കുന്നു, എന്നാൽ അവൻ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിർവഹിക്കുന്നത് പുതിയ യെരൂശലേമിൽ പരിണമിക്കുന്ന അവന്റെ ശരീരമായ സഭ പണിയുവാൻ അവന്റെ പുനരുല്പാദനത്തിനുവേണ്ടി അവനെത്തന്നെ പ്രചരിപ്പിക്കുന്നതിലൂടെയാണ്—പ്ര.നി. പ്രവൃ. 5:31.

Acts. 5:31 ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു.

C. “നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ” (2:36); ഈ വാക്യത്തിൽ “ആക്കിയിരിക്കുന്നു” എന്ന പദത്തെ “സ്ഥാനാരോഹിതനായി” എന്ന അർഥത്തിൽ മനസ്സിലാക്കുവാൻ കഴിയും; അവന്റെ ആരോഹണത്തിൽ ദൈവം ക്രിസ്തുവിനെ അവന്റെ സ്വർഗീയ ശുശ്രൂഷയിലേക്ക് സ്ഥാനാരോഹിതനാക്കി.

1. തന്റെ ആരോഹണത്തിൽ മനുഷ്യ-രക്ഷകൻ സർവവും കൈവശമാക്കുവാൻ കർത്താവാക്കപ്പെട്ടു; അവൻ ഇപ്പോൾ മുഴുവൻ പ്രപഞ്ചത്തെയും, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെയും, എല്ലാ അനുലോമ കാര്യങ്ങളെയും വിഷയങ്ങളെയും വ്യക്തികളെയും കൈവശമാക്കുന്ന കർത്താവാണ്.

2. തന്റെ ആരോഹണത്തിൽ മനുഷ്യ-രക്ഷകൻ ദൈവത്തിന്റെ നിയോഗം നിർവഹിക്കുവാൻ ദൈവത്തിന്റെ അഭിഷിക്തനായ ക്രിസ്തുവാക്കപ്പെട്ടു (എബ്രാ. 1:9).

Heb. 1:9 നീ നീതിയെ സ്നേഹിച്ചും അധർമത്തെ വെറുത്തുമിരിക്കുന്നു; അതുകൊണ്ട്, ദൈവം, നിന്റെ ദൈവം, നിന്റെ കൂട്ടാളികൾക്കു മീതെ നിന്നെ ഹർഷോന്മാദത്തിൻ എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു” എന്നും,

D. അവന്റെ പുനരുത്ഥാനത്തിലും ആരോഹണത്തിലും നാം ഇപ്പോൾ ക്രിസ്തുവുമായി ഒന്നാണ് (എഫെ. 2:6); തൽഫലമായി, നമുക്ക് പുനരുത്ഥാനത്തിൽ ജീവനും ശക്തിയും, ആരോഹണത്തിൽ അധികാരവും ഉണ്ട്; നമ്മുടെ കർത്താവിനെ നാം ബന്ധപ്പെടുമ്പോൾ, അവൻ എന്താണെന്നതിന്റെ സാക്ഷാൽക്കാരം, അവന്റെ പദവിയുടെയും സ്ഥാനത്തിന്റെയും ഉദ്യോഗത്തിന്റെയും സാക്ഷാൽക്കാരം നമുക്കുണ്ടായിരിക്കണം.

Eph. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

**III. കർത്താവിന്റെ ആരോഹണത്തിന്റെ വ്യകതിനിഷ്ഠമായ വശം നാം കാണേണ്ടതാവശ്യമാണ്— പ്ര.നി. സങ്കീ. 91:1; ഉത്ത. 4:7-8; 6:10:**

Psa. 91:1 അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ

S. S. 4:7 എന്റെ പ്രിയേ, നീ സർവ്വാംഗസുന്ദരി; നിന്നിൽ യാതൊരു ഊനവും ഇല്ല.

S. S. 4:8 കാന്തേ ലെബാനോനെ വിട്ടു എന്നോടുകൂടെ, ലെബാനോനെ വിട്ടു എന്നോടുകൂടെ വരിക; അമാനാമുകളും ശെനീർ ഹെർമ്മോൻ കൊടുമുടികളും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ പർവ്വതങ്ങളും വിട്ടുപോരിക.

S. S. 6:10 അരുണോദയംപോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആർ?

A. ക്രിസ്തു തന്റെ സർവ്വാതീതമായ ആരോഹണത്തിൽ (മരിച്ചവരെ പിടിച്ചുവച്ചിരിക്കുന്നിടമായ) പാതാളത്തിനും, (വീണുപോയ ജനം ദൈവത്തിനെതിരെ നീങ്ങുന്നിടമായ) ഭൂമിക്കും, (സാത്താനും അവന്റെ അന്ധകാരശക്തിയും ദൈവത്തിനെതിരെ പ്രവർത്തിക്കുന്നിടമായ) ആകാശത്തിനും, (സാത്താന് പോകുവാൻ കഴിയുന്നിടമായ) സ്വർഗത്തിനും അതീതമാണ്—എഫെ. 1:20-21; 4:8-10; എബ്രാ. 7:26; ഇയ്യോ. 1:6-12; 2:1-6.

Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

Eph. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

Eph. 4:8 അതുകൊണ്ട് തിരുവെഴുത്ത് പറയുന്നു, “അവൻ ഉയരത്തിലേക്ക് ആരോഹണം ചെയ്ത്, ബദ്ധന്മാരായി എടുത്തവരെ ബദ്ധരാക്കി നയിച്ച് മനുഷ്യർക്ക് വരങ്ങളെ കൊടുത്തു.”

Eph. 4:9 (“അവൻ ആരോഹണം ചെയ്തു,” എന്നത് അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തു എന്നല്ലാതെ എന്താകുന്നു?

Eph. 4:10 ഇറങ്ങിച്ചെന്നവൻ സകലത്തെയും നിറയ്ക്കേണ്ടതിന് സ്വർഗാധിസ്വർഗത്തിനും അത്യന്തംമീതെ ആരോഹണം ചെയ്തവൻ ആകുന്നു.)

Heb. 7:26 ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു

വേർപെട്ടവൻ, സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ,

Job. 1:6 ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു; അവരുടെ കൂട്ടത്തിൽ സാത്താനും ചെന്നു.

Job. 1:7 യഹോവ സാത്താനോടു: നീ എവിടെനിന്നു വരുന്നു എന്നു ചോദിച്ചതിന്നു സാത്താൻ യഹോവയോടു: ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്നുത്തരം പറഞ്ഞു.

Job. 1:8 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ എന്നു അരുളിച്ചെയ്തു.

Job. 1:9 അതിന്നു സാത്താൻ യഹോവയോടു: വെറുതെയോ ഇയ്യോബ് ദൈവഭക്തനായിരിക്കുന്നതു?

Job. 1:10 നീ അവന്നും അവന്റെ വീട്ടിന്നും അവന്നുള്ള സകലത്തിന്നും ചുറ്റും വേലികെട്ടീട്ടില്ലയോ? നീ അവന്റെ പ്രവൃത്തിയെ അനുഗ്രഹിച്ചിരിക്കുന്നു; അവന്റെ മൃഗസമ്പത്തു ദേശത്തു പെരുകിയിരിക്കുന്നു.

Job. 1:11 തൃക്കൈ നീട്ടി അവന്നുള്ളതൊക്കെയും ഒന്നു തൊടുക; അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചുപറയും എന്നു ഉത്തരം പറഞ്ഞു.

Job. 1:12a ദൈവം സാത്താനോടു: ഇതാ, അവന്നുള്ളതൊക്കെയും നിന്റെ കയ്യിൽ ഇരിക്കുന്നു; അവന്റെമേൽ മാത്രം കയ്യേറ്റം ചെയ്യരുതു എന്നു കല്പിച്ചു...

Job. 2:1 പിന്നെയും ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു; സാത്താനും അവരുടെ കൂട്ടത്തിൽ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു.

Job. 2:2 യഹോവ സാത്താനോടു: നീ എവിടെനിന്നു വരുന്നു എന്നു ചോദിച്ചതിന്നു സാത്താൻ യഹോവയോടു: ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ടു വരുന്നു എന്നുത്തരം പറഞ്ഞു.

Job. 2:3 യഹോവ സാത്താനോടു: എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടിവെച്ചുവോ? അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരും ഇല്ലല്ലോ; അവൻ തന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നു; വെറുതെ അവനെ നശിപ്പിക്കേണ്ടതിന്നു നീ എന്നെ സമ്മതിപ്പിച്ചു എന്നു അരുളിച്ചെയ്തു.

Job. 2:4 സാത്താൻ യഹോവയോടു: ത്വക്കിന്നു പകരം ത്വക്; മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവന്നു പകരം കൊടുത്തുകളയും.

Job. 2:5 നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക; അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചുപറയും എന്നുത്തരം പറഞ്ഞു.

Job. 2:6 യഹോവ സാത്താനോടു: ഇതാ, അവൻ നിന്റെ കയ്യിൽ ഇരിക്കുന്നു; അവന്റെ പ്രാണനെമാത്രം തൊടരുതു എന്നു കല്പിച്ചു.

Job 2:6 And Jehovah said to Satan, Here he is, in your hand; only spare his life.

B. താൻ ഇപ്പോൾ സ്വർഗത്തിലാണെന്നു മാത്രമല്ല (9:24), സ്വർഗങ്ങളെക്കാൾ ഉന്നതനും (7:26), സ്വർഗാധിസ്വർഗത്തിനും അത്യന്തം മീതെയും (എഫെ. 4:10) ആകത്തക്കവണ്ണം, തന്റെ ആരോഹണത്തിൽ ക്രിസ്തു സ്വർഗത്തിലൂടെ കടന്നുപോയിരിക്കുന്നു (എബ്രാ. 4:14).

Heb. 4:14 ആകയാൽ സ്വർഗത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി

ദൈവപുത്രനായ യേശു ഉള്ളതുകൊണ്ട്, നമുക്ക് ഈ ഏറ്റുപറച്ചിൽ മുറുകെപ്പിടിക്കാം.

Heb. 9:24 എന്തെന്നാൽ ക്രിസ്തു വാസ്തവമായതിന്റെ പ്രതിരൂപമായ, കൈപ്പണിയായ വിശുദ്ധസ്ഥലത്തേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി ദൈവത്തിന്റെ മുഖത്തിനു മുമ്പാകെ പ്രത്യക്ഷനാകുവാൻ സ്വർഗത്തിലേക്കത്രേ പ്രവേശിച്ചത്;

Heb. 7:26 ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു വേർപെട്ടവൻ, സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ,

Eph. 4:10 ഇറങ്ങിച്ചെന്നവൻ സകലത്തെയും നിറയ്ക്കേണ്ടതിന് സ്വർഗാധിസ്വർഗത്തിനും അത്യന്തംമീതെ ആരോഹണം ചെയ്തവൻ ആകുന്നു.)

C. ആരോഹണം ചെയ്ത ക്രിസ്തുവിൽനിന്നും നമ്മിലേക്ക് ഒരു പ്രസരണം ഉണ്ടെന്ന് എഫെസ്യർ 1:19-23 വെളിപ്പെടുത്തുന്നു; ദൈവം ക്രിസ്തുവിനെ "എല്ലാറ്റിലും മീതെ തലയാക്കി...സഭയ്ക്ക് നൽകി" എന്ന് 22, 23 വാക്യങ്ങൾ പറയുന്നു; *സഭയ്ക്ക്* എന്ന പ്രയോഗം ആരോഹണം ചെയ്ത ക്രിസ്തുവിൽനിന്നും സഭയിലേക്കുള്ള പ്രസരണത്തെ സൂചിപ്പിക്കുന്നു:

Eph. 1:19 അവന്റെ ബലത്തിൻ പ്രഭാവത്തിന്റെ വ്യാപാരത്തിനൊത്തവണ്ണം, വിശ്വസിക്കുന്നവരായ നമ്മോടുള്ള അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നും നിങ്ങൾ അറിയേണ്ടതിനും തന്നെ,

Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

Eph. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

1. ആരോഹണം ചെയ്ത ക്രിസ്തുവിന് ദൈവം ഒരു വലിയ സമ്മാനം നൽകി—എല്ലാറ്റിലും മീതെയുള്ള തലയായ്മ; ദൈവം ക്രിസ്തുവിനു എന്തായിരിക്കുവാൻ നൽകിയോ അത് സഭയ്ക്കാണ്; അത് സഭയിലേക്ക് പ്രസരിപ്പിക്കുകയും, സഭ അതിൽ പങ്കുകൊള്ളുകയും ചെയ്യുന്നു.
2. ക്രിസ്തുവിൽ നാലു പടികളിൽ തന്റെ ശക്തിയെ വ്യാപരിക്കുവാൻ ദൈവം ഇടയാക്കിയെന്ന് 20 മുതൽ 22 വരെയുള്ള വാക്യങ്ങൾ കാണിക്കുന്നു: ഒന്നാമത്, മരിച്ചവരിൽനിന്നും അവനെ ഉയർപ്പിക്കുന്നതിൽ; രണ്ടാമത്, സ്വർഗീയങ്ങളിൽ അവന്റെ വലതുഭാഗത്ത് അവനെ ഇരുത്തുന്നതിൽ; മൂന്നാമത്, സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുന്നതിൽ; നാലാമത്, എല്ലാറ്റിനും മീതെ തലയാക്കി അവനെ സഭയ്ക്ക് നൽകുന്നതിൽ.

   Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

Eph. 1:21 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും;

Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

D. ദൈവത്തെ തന്റെ നിറവിൽ ആവിഷ്കരിക്കുന്നതിന് ക്രിസ്തുവിനെ അവന്റെ ആരോഹണത്തിൽ അവന്റെ ശരീരമായ സഭയുടെ തലയാക്കി—കൊലൊ. 1:18; എഫെ. 1:23; 3:19:

Col. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

Eph. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

1. തലയും ശരീരവും ഒന്നായി ഒരു സാർവത്രിക മനുഷ്യനെ രൂപപ്പെടുത്തുന്നു; ഈ ദിവ്യ കാര്യത്തിൽ സ്ഥലത്തിന്റെ മൂലകമോ സമയത്തിന്റെ മൂലകമോ ഇല്ല; ശരീരം ദിവ്യജീവനിലും ദിവ്യാത്മാവിലും തലയുമായി ഒന്നാണ്.

2. ദിവ്യ വീക്ഷണമനുസരിച്ച് ആരോഹണം ചെയ്ത ക്രിസ്തുവുമായി നാം ഒന്നാണ്, അവന്റെ ആരോഹണം നമ്മുടെയും ആണ് (2:6); ഇവിടെ ഈ ആരോഹണത്തിൽ അവന്റെ നിറവിൽ നാം അവനെ ആവിഷ്കരിക്കുന്നു; സർവാതീതനായ ക്രിസ്തു ത്രിയേക ദൈവത്തിന്റെ ദേഹരൂപമായതിനാൽ (കൊലൊ. 2:9), അവന്റെ ആവിഷ്കാരത്തിനുവേണ്ടി നമ്മെ ക്രിസ്തുവിന്റെ നിറവാക്കുവാൻ അവന്റെ സർവാതീതമായ പ്രസരണത്തിൽ ത്രിയേക ദൈവത്തിന്റെ സമ്പന്നമായ പകർച്ച ഉൾപ്പെടുന്നു (എഫെ. 1:22-23; 3:19, 8).

Eph. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Eph. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

Eph. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

Eph. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

Eph. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

E. ദൈവസന്നിധിയിൽ നമ്മെ വഹിക്കുവാനും നമ്മുടെ എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി കരുതുവാനും തന്റെ ആരോഹണത്തിൽ ക്രിസ്തുവിനെ സ്വർഗത്തിൽ നമ്മുടെ മഹാപുരോഹിതനാക്കി; അവന്റെ ആരോഹണത്തിൽ അവനെ തന്റെ പൗരോഹിത്യ ഉദ്യോഗസ്ഥാനത്തിലേക്ക് സ്ഥാനാരോഹിതനാക്കി—എബ്രാ. 2:17-18; 4:14-15; സങ്കീ. 110:1-4; എബ്രാ. 5:6; 7:26:

Heb. 2:17 അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് അനുനയം വരുത്തുവാൻ, ദൈവത്തെ സംബന്ധിച്ച കാര്യങ്ങളിൽ അവൻ കരുണയുള്ളവനും വിശ്വസ്തനുമായ മഹാപുരോഹിതനാകേണ്ടതിന്, അവനെ സകലത്തിലും തന്റെ സഹോദരന്മാരെ പോലെയാക്കേണ്ടത് ആവശ്യമായിരുന്നു.

Heb. 2:18 എന്തെന്നാൽ താൻതന്നെ കഷ്ടം അനുഭവിച്ചിരിക്കുന്നതിൽ പരീക്ഷിക്കപ്പെട്ടതിനാൽ, പരീക്ഷിക്കപ്പെടുന്നുവർക്കു തുണയേകുവാൻ അവൻ പ്രാപ്തനാകുന്നു.

Heb. 4:14 ആകയാൽ സ്വർഗത്തിലൂടെ കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി ദൈവപുത്രനായ യേശു ഉള്ളതുകൊണ്ട്, നമുക്ക് ഈ ഏറ്റുപറച്ചിൽ മുറുകെപ്പിടിക്കാം.

Heb. 4:15 നമ്മുടെ ബലഹീനതകളുടെ അനുഭൂതിയാൽ സ്പർശിതനാകുവാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല, പാപമില്ലാതെ എല്ലാ രീതിയിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ട ഒരുവനത്രേ നമുക്കുള്ളത്.

Psa. 110:1 ദാവീദിന്റെ ഒരു സങ്കീർത്തനം. യഹോവ എന്റെ കർത്താവിനോടു അരുളിച്ചെയ്യുന്നതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക.

Psa. 110:2 നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽനിന്നു നീട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.

Psa. 110:3 നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനമായിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽനിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.

Psa. 110:4 നീ മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കയുമില്ല.

Heb. 5:6 അതുപോലെ മറ്റൊരിടത്തും, “നീ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കുമുള്ള പുരോഹിതൻ” എന്ന് അവൻ പറയുന്നു.

Heb. 7:26 ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു വേർപെട്ടവൻ, സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ,

1. ഒരുവശത്ത്, ക്രിസ്തു സഭകൾക്കുവേണ്ടി സ്വർഗത്തിൽ മധ്യസ്ഥത ചെയ്യുന്ന മഹാപുരോഹിതനാണ് (വാ. 25-26; റോമ. 8:34); മറുവശത്ത്, അവൻ സഭകൾക്കുവേണ്ടി കരുതുന്നതിന് സഭകളിൽ നീങ്ങുന്ന മഹാപുരോഹിതനാണ്; വെളിപ്പാട് 1:13-ൽ ക്രിസ്തുവിനെ പാദത്തോളം എത്തുന്ന വസ്ത്രമുള്ള പൗരോഹിത്യ അങ്കിയാൽ കാണുന്നതുപോലെ അവനെ മഹാപുരോഹിതനായി ചിത്രീകരിക്കുന്നു (പുറ. 28:33-35).

Heb. 7:25 അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും

ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു.

Heb. 7:26 ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ നമുക്ക് അനുയോജ്യനായിരുന്നു, വിശുദ്ധൻ, നിഷ്കളങ്കൻ, മലിനപ്പെടാത്തവൻ, പാപികളിൽനിന്നു വേർപെട്ടവൻ, സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീർന്നവൻ,

Rom. 8:34 കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും.

Rev. 1:13 നിലവിളക്കുകളുടെ മധ്യേ, പാദം വരെ നീളമുള്ള അങ്കി ധരിച്ചും മാറത്തു പൊൻകച്ച കെട്ടിയും, മനുഷ്യപുത്രനു സദൃശനായ ഒരുവനെയും ഞാൻ കണ്ടു.

Exo. 28:33 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ എന്നിവകൊണ്ടു ചുറ്റും അതിന്റെ വിളുമ്പിൽ മാതളപ്പഴങ്ങളും അവയുടെ ഇടയിൽ ചുറ്റും പൊന്നുകൊണ്ടു മണികളും ഉണ്ടാക്കേണം.

Exo. 28:34 അങ്കിയുടെ വിളുമ്പിൽ ചുറ്റും ഒരു പൊന്മണി ഒരു മാതളപ്പഴം, ഒരു പൊന്മണി ഒരു മാതളപ്പഴം, ഇങ്ങനെ വേണം.

Exo. 28:35 ശുശ്രൂഷ ചെയ്കയിൽ അഹരോൻ അതു ധരിക്കേണം. യഹോവയുടെ മുമ്പാകെ വിശുദ്ധമന്ദിരത്തിൽ കടക്കുമ്പോഴും പുറത്തുവരുമ്പോഴും അവൻ മരിക്കാതിരിക്കേണ്ടതിന്നു അതിന്റെ ശബ്ദം കേൾക്കേണം.

2. വെളിപ്പാട് 8-ൽ സ്വർണ ധൂപപീഠത്തിങ്കൽ ധൂപമർപ്പിക്കുന്ന പുരോഹിതനായി ക്രിസ്തുവിനെ വെളിപ്പടുത്തുന്നു: “മറ്റൊരു ദൂതൻ സ്വർണ ധൂപകലശവുമായി വന്നു യാഗപീഠത്തിനരികിൽ നിന്നു; സിംഹാസനത്തിനു മുമ്പാകെയുള്ള സ്വർണ പീഠത്തിന്മേൽ സകല വിശുദ്ധന്മാരുടെയും പ്രാർഥനകളോടുകൂടെ അർപ്പിക്കേണ്ടതിന് വളരെ ധൂപവർഗം അവനു കൊടുത്തു” (വാ. 3).

Rev 8 be omitted.

## IV. നാം കർത്താവിന്റെ ആരോഹണത്തിലാണെന്ന് നാം കാണേണ്ടതാവശ്യമാണ്—എഫെ. 2:6:

Eph. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

A. മുഴുവൻ കൃപായുഗവും കർത്താവിന്റെ ആരോഹണത്തിന്റെ സമയമാണ്—1:20.

Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

B. ക്രിസ്തു ആരോഹണത്തിൽ മാത്രമല്ല, നമ്മിലും ഉണ്ട്—കൊലൊ. 1:27.

Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

C. ക്രിസ്തു ഇപ്പോഴും തന്റെ ആരോഹണത്തിൽ നീങ്ങുന്നു; അവൻ തന്റെ ആരോഹണത്തിൽ ജീവിക്കുകയും, വസിക്കുകയം, തങ്ങുകയും,

ശുശ്രൂഷിക്കുകയും, സേവിക്കുകയും, വേലചെയ്യുകയും, പ്രവർത്തിക്കുകയും ചെയ്യുന്നു:

1. അവൻ തന്റെ ആരോഹണത്തിൽ നമ്മുടെ ഉള്ളിലുണ്ട്; ഇതുകൊണ്ടാണ് ക്രിസ്തുവിന്റെ ആരോഹണത്തിൽ നമ്മെ അവനോടുകൂടെ ഇരുത്തിയിരിക്കുന്നു എന്ന് പൗലൊസ് പറയുന്നത്—എഫെ. 2:6.

   Eph. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

2. നമ്മുടെ ആളത്തത്തിനുള്ളിൽ, ഒരു അസാധാരണനായ വ്യക്തിയുണ്ട്—ആരോഹണം ചെയ്ത ക്രിസ്തു—കൊലൊ. 1:27; എഫെ. 2:6.

   Col. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

   Eph. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,

3. ഇന്ന് കർത്താവ് തന്റെ ആരോഹണത്തിൽ നമ്മുടെ ആത്മാവിൽ ഉണ്ട്—2 തിമൊ. 4:22.

   2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ...

4. ഈ ആരോഹണത്തിൽ ത്രിയേക ദൈവം നമ്മിൽ നീങ്ങുന്നു, ഈ നീക്കം നമ്മുടെ ചരിത്രമായിത്തീരുന്നു.

5. ക്രിസ്തു ത്രിയേക ദൈവത്തിന്റെ ദേഹരൂപവും, നാം അവന്റെ ആരോഹണത്തിൽ ഈ ദേഹരൂപത്തിന്റെ ഭാഗങ്ങളും ആണ്—റോമ. 8:10; 2 കൊരി. 13:5; ഗലാ. 2:20; 4:19; കൊലൊ. 2:9.

   Rom. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

   2 Cor. 13:5 നിങ്ങൾ വിശ്വാസത്തിലാണോ എന്ന് നിങ്ങളെത്തന്നെ പരിശോധിക്കുവിൻ; നിങ്ങളെത്തന്നെ തെളിയിക്കുവിൻ. നിങ്ങൾ നിരാകരിക്കപ്പെട്ടവരല്ലെങ്കിൽ, യേശു ക്രിസ്തു നിങ്ങളിലുണ്ടെന്ന് നിങ്ങളെക്കുറിച്ചുതന്നെ നിങ്ങൾ തിരിച്ചറിയുന്നില്ലയോ?

   Gal. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

   Gal. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

   Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

6. നാം അവന്റെ നാമത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുമ്പോഴെല്ലാം ക്രിസ്തു ആരോഹണത്തിൽ അവന്റെ എല്ലാ അവയവങ്ങളോടുംകൂടെ അവിടെ ഉണ്ട്; ഇതാണ് മനുഷ്യന്റെ ഉള്ളിലുള്ള ദൈവത്തിന്റെ നീക്കം—മത്താ. 18:20; കൊലൊ. 3:1, 3-4; എഫെ. 1:20; 2:6.

   Matt. 18:20 രണ്ടോ മൂന്നോ പേർ എന്റെ നാമത്തിലേക്കു എവിടെ

കൂട്ടിച്ചേർക്കപ്പെടുന്നുവോ, അവിടെ ഞാൻ അവരുടെ മധ്യേ ഉണ്ട്.

Col. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

Col. 3:3 എന്തെന്നാൽ നിങ്ങൾ മരിച്ചു, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

Col. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

Eph. 1:20 അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്,

Eph. 2:6 അവനോടുകൂടെ ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ ക്രിസ്തു യേശുവിൽ അവനോടുകൂടെ ഇരുത്തുകയും ചെയ്തു,